ഉത്തരം

(എ) ഇല്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I പ്രകാരം മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിൽ ഏറ്റെടുത്തു വരുന്നു. എന്നാൽ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

എ.ഡി.ബി., ലോകബാങ്ക് എന്നിവയുടെ സാമ്പത്തിക സഹായമുള്ള പദ്ധതികൾ

68 (3035) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എ.ഡി.ബി., ലോകബാങ്ക്, മറ്റ് വിദേശ ഫണ്ടിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായമുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ, പദ്ധതി തുക, ധനസഹായത്തിന്റെ വ്യവസ്ഥകൾ, പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പുതിയ ഏതെങ്കിലും പദ്ധതികൾ ഈ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly